Submission - Annexure

Uncorrected/Not for publication
30-09-2025

**അനുബന്ധം**

## ഉരുൾപൊട്ടലിൽ നാശം സംഭവിച്ച പ്രദേശങ്ങളുടെ പുനരുദ്ധാരണം സംബന്ധിച്ച് ശ്രീ. ഇ. കെ. വിജയൻ എം.എൽ.എ.-യുടെ സബ്മിഷന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി നൽകിയ മറുപടി

ദുരന്തബാധിതരായ ജനങ്ങൾക്ക് താങ്ങും തണലുമായി നിന്നുകൊണ്ട് അവരെ ഒപ്പം ചേർത്തുപിടിക്കുന്ന സമീപനമാണ് വിലങ്ങാട് ദുരന്തബാധിതരുടെ കാര്യത്തിലും സർക്കാർ സ്വീകരിച്ചിട്ടുള്ള നയം. അക്കാര്യം ബഹുമാനപ്പെട്ട അംഗത്തിന് ബോധ്യമുള്ളതുമാണ്. ചൂരൽമല ദുരന്തബാധിതർക്ക് അനുവദിച്ചതിന് സമാനമായി വിലങ്ങാട് ദുരന്തബാധിതർക്കും നഷ്ടപരിഹാരം നൽകേണ്ടതിന്റെ ആവശ്യകത സർക്കാർ പരിഗണിക്കുകയും ചൂരൽമല ദുരന്തബാധിതർക്ക് അനുവദിച്ചതിന് സമാനമായി ചികിത്സാ ധനസഹായ ഫണ്ട്, വ്യാപാര സ്ഥാപനങ്ങൾക്കും സംരംഭകർക്കുമുള്ള നഷ്ടപരിഹാരം എന്നിവ അനുവദിക്കുന്നതിന് 01-08-2025-ലെ സ.ഉ.(കൈ)നം.14/2025/ഡി.എം.ഡി. പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതിനാവശ്യമായ ശിപാർശ സമർപ്പിക്കുന്നതിന് കോഴിക്കോട് ജില്ലാകളക്ടർക്ക് നിർദേശം നൽകിയിരിക്കുകയാണ്. പ്രൊപ്പോസൽ സമർപ്പിക്കുന്ന മുറയ്ക്ക് ഫണ്ട് അനുവദിക്കുന്നതിനുള്ള സത്വര

നടപടികൾ സ്വീകരിക്കുന്നതാണ്.

ഉരുൾപൊട്ടൽ ദുരന്തത്തിൽ 11 കുടുംബങ്ങൾക്ക് പൂർണ്ണമായും ഭൂമിയും വീടും നഷ്ടപ്പെടുകയുണ്ടായി. 25 വീടുകൾ പൂർണ്ണമായും 9 വീടുകൾ ഭാഗികമായും തകർന്നു. 9 മറ്റ് കെട്ടിടങ്ങളും തകർന്നു. 1.24 ഹെക്ടർ പുരയിടം ഒലിച്ചുപോയി. 250 ഏക്കർ കൃഷിനാശമുണ്ടായി. 58.81 കോടി രൂപയുടെ വ്യക്തിഗത നഷ്ടവും 158 കോടി രൂപയുടെ പൊതുമുതൽ നഷ്ടവുമാണുണ്ടായത്.

വിലങ്ങാട് ദുരന്തത്തിൽ മരണപ്പെട്ട മൂന്നുപേരുടെ കുടുംബങ്ങൾക്ക് 6 ലക്ഷം രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്. ദുരന്തബാധിതരായ 488 കുടുംബങ്ങൾക്ക് അടിയന്തര സഹായമായി SDRF-ൽനിന്നും 5,000/-രൂപയും CMDRF-ൽനിന്നും 5,000 രൂപയുമുൾപ്പെടെ 10,000/-രൂപ വീതം നൽകിയിട്ടുണ്ട്. 37 കുടുംബങ്ങളിലെ 74 പേർക്കും 3 കച്ചവടക്കാർക്കും പ്രതിദിനം 300/-രൂപയുടെ ജീവനോപാധി 3 മാസത്തേയ്ക്ക് അനുവദിച്ചു. കൂടാതെ മരണമടഞ്ഞ മൂന്നുപേരുടെ ആശ്രിതർക്ക് 4 ലക്ഷം രൂപ വീതം SDRF-ൽനിന്നും 2 ലക്ഷം രൂപ വീതം CMDRF-ൽനിന്നും അനുവദിച്ചുനൽകിയിട്ടുണ്ട്.

ദുരന്തബാധിതർക്ക് 7 മാസത്തേയ്ക്കുള്ള വാടക ഇതുവരെ അനുവദിച്ചിട്ടുണ്ട്. ഇത് ആഗസ്റ്റ് മാസംവരെ അനുവദിച്ചിരുന്നു. 20-08-2025-ൽ റവന്യൂ വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ കൂടിയ വിലങ്ങാട് ഉരുൾപൊട്ടലുമായി ബന്ധപ്പെട്ട യോഗത്തിൽ വീട് നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് 15 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതിനാൽ തുക അനുവദിച്ചതിനുശേഷം 3 മാസംകൂടി വാടക നൽകിയാൽ മതിയെന്ന് തീരുമാനിച്ചിരുന്നു. വാടക ഈ മാസവും നൽകിയിട്ടുണ്ട്. 49 കുടുംബങ്ങൾക്ക് സ്ഥലം വാങ്ങുന്നതിനും വീട് വയ്ക്കുന്നതിനുമായി 15 ലക്ഷം രൂപ വീതം നൽകിയിട്ടുണ്ട്. അതിൽ 13 ലക്ഷം രൂപ CMDRF-ൽനിന്നും 2 ലക്ഷം രൂപ SDRF-ൽനിന്നുമാണ് അനുവദിച്ചത്. കൃഷി നാശനഷ്ടത്തിന് 21,21,000/-രൂപ AIMS portal മുഖാന്തരം അനുവദിച്ചിട്ടുണ്ട്. വളർത്തുമൃഗങ്ങളുടെ നാശനഷ്ടത്തിന് 1,67,000/-രൂപ അനുവദിച്ചു. രണ്ടുകോടി രൂപയുടെ റിവർ പ്രൊട്ടക്ഷൻ വർക്ക് ജലസേചന വകുപ്പ് പൂർത്തിയാക്കിയിട്ടുണ്ട്.

Debris removal-നായി 8 കോടി രൂപ SDRF-ൽനിന്നും അനുവദിച്ചിട്ടുണ്ട്. പുഴയുടെ പാർശ്വഭിത്തി കെട്ടുന്നതിന് തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി നടത്തുന്നതിന് ഒരു കോടി തൊണ്ണൂറ്റിമൂന്ന് ലക്ഷം

രൂപ അനുവദിച്ചിട്ടുണ്ട്. വിലങ്ങാട് ഉരുൾപൊട്ടലിൽ തകർച്ച നേരിട്ട റോഡുകളുടെയും പാലങ്ങളുടെയും പുനരുദ്ധാരണം സംബന്ധിച്ച് ശേഷിക്കുന്ന വർക്കുകൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കാൻ ജില്ലാകളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ശിപാർശ ലഭിക്കുന്ന മുറയ്ക്ക് ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

മണ്ണ്, ജല സംരക്ഷണ പ്രവൃത്തി, നീർച്ചാൽ പുനരുദ്ധാരണം, റോഡ് നിർമ്മാണം, മുളവൽക്കരണ പ്രവൃത്തികൾ ഉൾപ്പെടെ വാണിമേൽ ഗ്രാമപഞ്ചായത്തിൽ ആകെ 19 പ്രവൃത്തികളിലായി 1.04 കോടി രൂപയുടെയും നരിപ്പറ്റ ഗ്രാമപഞ്ചായത്തിൽ 8 പ്രവൃത്തികളിലായി 37.6 ലക്ഷം രൂപയുടെയും പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയുടെ ആക്ഷൻ/അഡീഷണൽ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തിയും അംഗീകരിച്ചിട്ടുണ്ട്.

ബഹുമാനപ്പെട്ട അംഗം സബ്മിഷനിലൂടെ ആവശ്യപ്പെട്ട റോഡിന്റെയും പാലങ്ങളുടെയും പുനർനിർമ്മാണം, വീടിന് കേടുപാട് പറ്റിയവരുടെ അപേക്ഷകളിൽ ധനസഹായം ഉൾപ്പെടെ, നിലവിലുള്ള നിയമങ്ങളുടെ അടിസ്ഥാനത്തിൽ അർഹരായ എല്ലാപേർക്കും ധനസഹായം നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

Uncorrected/Not for publication
30-09-2025

## പാവറട്ടി-മുല്ലശ്ശേരി സമഗ്ര കുടിവെള്ള പദ്ധതി സംബന്ധിച്ച് ശ്രീ. മുരളി പെരുനെല്ലി എം.എൽ.എ.-യുടെ സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി നൽകിയ മറുപടി

മണലൂർ നിയോജകമണ്ഡലത്തിലെ പാവറട്ടി, മുല്ലശ്ശേരി ഗ്രാമ പഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി RKI (Rebuild- Kerala Initiative) പദ്ധതിയിൽ ഉൾപ്പെടുത്തി 54.80 കോടി രൂപയ്ക്ക് 03-03-2020-ൽ ഭരണാനുമതി നൽകുകയും 44.72 കോടി രൂപയ്ക്ക് 19-08-2020-ൽ സാങ്കേതികാനുമതി നൽകുകയും ചെയ്തു.

കൂടാതെ ടി പഞ്ചായത്തുകളിലേക്കുള്ള ക്ലിയർ വാട്ടർ ഗ്രാവിറ്റി മെയിൻ സ്ഥാപിക്കുകയും ചെയ്തിട്ടുള്ളതാണ്. ഈ പ്രവൃത്തിയോടനുബന്ധിച്ച് ചെയ്യുവാൻ അവശേഷിച്ചിരുന്ന ബ്രഹ്മകുളം റെയിൽവേ ലൈൻ ക്രോസ് ചെയ്ത് പൈപ്പ്ലൈൻ സ്ഥാപിക്കേണ്ട പ്രവൃത്തിയും പൂർത്തീകരിച്ചുകഴിഞ്ഞു. റെയിൽവേ ലൈൻ ക്രോസ് ചെയ്ത് പൈപ്പിടുന്നതിന് അനുമതി ലഭിക്കാൻ കാലതാമസമുണ്ടായതാണ് ഈ പദ്ധതിയുടെ പൂർത്തീകരണത്തിന് കാലതാമസമുണ്ടാക്കിയത്.

RKI പദ്ധതിയുടെ മേൽപ്പറഞ്ഞ വിവിധ ഘടക പ്രവൃത്തികളടക്കം

ഏകദേശം 90 ശതമാനത്തോളം പ്രവൃത്തികളും പൂർത്തീകരിച്ചു കഴിഞ്ഞതാണ്. മേൽ പദ്ധതിയുടെ പ്രധാന പ്രവൃത്തിയായ വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തിയിലെ ആകെയുള്ള 109 km വിതരണ ശൃംഖലയുടെ പ്രവൃത്തിയിൽ 95km പ്രവൃത്തിയും ചെയ്ത് പൂർത്തിയായിട്ടുള്ളതാണ്.

RKI-യുടെ കീഴിൽവരുന്ന ചില പ്രവൃത്തികൾക്കൂടി പൂർത്തീകരിച്ച് ഈ പദ്ധതി കമ്മീഷൻ ചെയ്യണമെങ്കിൽ താഴെപ്പറയുന്ന പ്രവൃത്തികളുംകൂടി പൂർത്തീകരിക്കേണ്ടതുണ്ട്. അനുമതി ലഭ്യമാക്കേണ്ട ഏതാണ്ട് 6 km പി.ഡബ്ല്യു.ഡി. റോഡിലും (5 stretches) 700 മീറ്ററോളംവരുന്ന പി.എം.ജി.എസ്.വൈ. റോഡിലും പൈപ്പുകൾ സ്ഥാപിക്കൽ കൂടാതെ ചില ഭാഗങ്ങളിൽ ലൈൻ ചാർജ് ചെയ്യൽ, ഹൗസ് കണക്ഷൻ നൽകൽ, ഇന്റർ കണക്ഷൻ, ഗ്യാപ് ഫില്ലിങ് മുതലായ അനുബന്ധപ്രവൃത്തികളും പൂർത്തീകരിക്കേണ്ടതുണ്ട്. അനുമതി ലഭിക്കുന്നമുറയ്ക്ക് മേൽ പ്രവൃത്തികൾ പൂർത്തീകരിച്ച് 2026 മാർച്ച് 31-ഓടെ പദ്ധതി കമ്മീഷൻ ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

Uncorrected/Not for publication
30-09-2025

ഉത്സവങ്ങൾ രജിസ്ട്രേഷൻ ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച് ശ്രീ. പി.പി. സുമോദ് എം.എൽ.എ., ശ്രീ സച്ചിൻദേവ് എം.എൽ.എ. എന്നിവരുടെ സബ്മിഷന് വനം-വന്യജീവി വകുപ്പുമന്ത്രി നൽകിയ മറുപടി

WP(C) No.743/2014 കേസിൽ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 18-05-2015-ലെ ഉത്തരവിൻപ്രകാരം, നിശ്ചിത സമയപരിധിക്കുള്ളിൽ ജില്ലാ മോണിറ്ററിങ് കമ്മിറ്റി മുമ്പാകെ രജിസ്റ്റർ ചെയ്തിട്ടുള്ള ആരാധനാലയങ്ങൾക്ക് മാത്രമെ ആന എഴുന്നള്ളത്തിന് അനുമതി നൽകാൻ കഴിയൂ.

എന്നാൽ, സമയപരിധിക്കുള്ളിൽ ജില്ലാ മോണിറ്ററിങ് കമ്മിറ്റി മുമ്പാകെ രജിസ്റ്റർ ചെയ്യാൻ സാധിക്കാത്ത ക്ഷേത്രങ്ങൾക്കും ദേവസ്വങ്ങൾക്കും 20-01-2020 മുതൽ ഒരു മാസത്തേയ്ക്കും തുടർന്ന് 20-04-2022-ലെ G.O.(Ms.)No.19/2022/F&WLD സർക്കാർ ഉത്തരവുപ്രകാരം 31-05-2022 വരെയും സമയപരിധി നീട്ടി നൽകിയിരുന്നു.

ഇത്തരത്തിൽ ഈ വിഷയത്തിൽ രണ്ടുതവണ സമയപരിധിക്കുള്ളിൽ രജിസ്റ്റർ ചെയ്യാൻ കഴിയാത്തവർക്കായി അവസരം നൽകിയിരുന്നു.

ബഹുമാനപ്പെട്ട സുപ്രീം കോടതിയും 18-05-2015-ൽ

Uncorrected/Not for publication
30-09-2025

WP(C)No.743/2014 കേസിലെ ഉത്തരവിൽ 2012-ലെ കേരള നാട്ടാന (പരിപാലനവും, കാര്യകർത്തൃത്വവും) ചട്ടം കർശനമായി നടപ്പാക്കാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 13-11-2024-ൽ WP(C)No.31520/2024 കേസിൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിന്മേൽ സർക്കാർ ഉത്തരവിനെതിരെ പരാമർശം നടത്തിയിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ കോടതി വിധികൾകൂടി പരിഗണിച്ച് ഇക്കാര്യത്തിൽ കൂടുതൽ നടപടികൾ സ്വീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

<u>വിരുപ്പാക്ക സഹകരണ സ്പിന്നിങ് മിൽ സംബന്ധിച്ച് ശ്രീ.സേവ്യർ ചിറ്റിലപ്പിള്ളി എം.എൽ.എ.-യുടെ സബ്മിഷന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി നൽകിയ മറുപടി</u>

തൃശ്ശൂർ ജില്ലയിലെ വിരുപ്പാക്ക വില്ലേജിൽ സ്ഥിതിചെയ്യുന്ന തൃശ്ശൂർ സഹകരണ സ്പിന്നിങ് മില്ലിൽ 30 കോടി രൂപയുടെ ആധുനികവൽക്കരണ പ്രവർത്തനങ്ങൾ നടത്തിയെങ്കിലും ടെക്സ്റ്റൈൽ വ്യവസായ മേഖലയിൽ രാജ്യത്താകമാനമുണ്ടായ പ്രതിസന്ധി, അസംസ്കൃതവസ്തുക്കളുടെ ലഭ്യതക്കുറവ് എന്നിവ കാരണം 06-02-2023 മുതൽ ലേ ഓഫിലാണ്.

തൃശ്ശൂർ സഹകരണ സ്പിന്നിങ് മിൽ തുറന്ന പ്രവർത്തിപ്പിക്കുന്നതിലേക്കായി ആധുനികവൽക്കരണ പദ്ധതിയിൻകീഴിൽ 2024-25 സാമ്പത്തിക വർഷം 100 ലക്ഷം രൂപയും 2025-26 സാമ്പത്തിക വർഷം 30 ലക്ഷം രൂപയും അനുവദിച്ചുനൽകിയിട്ടുണ്ട്.

പ്രവർത്തന മൂലധന ഇനത്തിൽ 2024-25 സാമ്പത്തിക വർഷം 10.28 ലക്ഷം രൂപയും 2025-26 സാമ്പത്തിക വർഷം 20 ലക്ഷം രൂപയും അനുവദിച്ചുനൽകിയിട്ടുണ്ട്.

ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി ഇനത്തിലെ കുടിശ്ശിക നൽകുന്നതിന് 15 ലക്ഷം രൂപയും 2024-25 സാമ്പത്തിക വർഷം അനുവദിച്ചുനൽകിയിട്ടുണ്ട്.

വിരമിച്ച 192 ജീവനക്കാർക്ക് ഗ്രാറ്റുവിറ്റിയിനത്തിൽ 4 കോടി 81 ലക്ഷം രൂപ കുടിശ്ശികയുണ്ട്. നടപ്പുസാമ്പത്തികവർഷം വ്യവസായവകുപ്പിന് കീഴിലുള്ള 24 പൊതുമേഖലാ സ്ഥാപനങ്ങളുടെ Statutory dues/commitments പരിഹരിക്കുന്നതിനായി 4250 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയതിൽ തൃശ്ശൂർ സഹകരണ സ്പിന്നിങ് മില്ലിന്റെ ഗ്രാറ്റുവിറ്റി ഉൾപ്പെടെയുള്ള സ്റ്റാറ്റ്യൂട്ടറി കുടിശ്ശികകൾ ഘട്ടംഘട്ടമായി

തീർക്കുന്നതിനും റവന്യൂ റിക്കവറികൾ ഒഴിവാക്കുന്നതിനുമായി 410 ലക്ഷം രൂപ ഉൾപ്പെടുത്തുകയും പ്രസ്തുത തുക അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

മില്ലിനുണ്ടായിരുന്ന 23 കോടി രൂപയുടെ വൈദ്യുതി കുടിശ്ശിക, മില്ലിന്റെ ബാധ്യതയിൽനിന്നും സർക്കാർ എഴുതിത്തള്ളുകയുണ്ടായി. മില്ലിന്റെ പ്രവർത്തനം പുനരാരംഭിക്കുന്നതിനായുള്ള ശക്തമായ നടപടികളുടെ ഭാഗമായി നിലവിലുണ്ടായിരുന്ന ഡയറക്ടർ ബോർഡിനെ പുനഃസംഘടിപ്പിക്കുകയുണ്ടായി. മില്ലിന്റെ ഓഫീസ് തുറന്ന് പ്രവർത്തിപ്പിക്കുകയും ചെയ്തു.

നിലവിൽ മില്ലിലെ റോളിൽ സ്ഥിരം/കോൺട്രാക്റ്റ്/സെക്യൂരിറ്റി എന്നീ വിഭാഗങ്ങളിലായി 138 ജീവനക്കാരാണുള്ളത്. ഓണത്തോടനുബന്ധിച്ച് തൊഴിൽ വകുപ്പിൽനിന്നുള്ള ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ 2023 ഫെബ്രുവരിയിലെ ശമ്പള/വേതന കുടിശ്ശികയും മില്ലിലെ സ്ഥിരം ജീവനക്കാർക്ക് ഓണം അഡ്വാൻസായി 5,000 രൂപ വീതവും നൽകിയിട്ടുണ്ട്. മില്ലിൽനിന്നും അവസാനം പിരിഞ്ഞുപോയ 25

ജീവനക്കാർക്ക് ലേബർ വെൽഫെയർ ഫണ്ട് ബോർഡിൽനിന്നും ലഭിക്കാനുള്ള തുകയും ലഭ്യമാക്കിയിട്ടുണ്ട്.

കേരളത്തിൽ വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മില്ലുകൾ, സർക്കാർ അനുമതിയോടെ, അതത് പ്രദേശത്തിന് അനുയോജ്യമായ രീതിയിൽ അധിക ഭൂമി വ്യാവസായികാവശ്യങ്ങൾക്കായി വിനിയോഗിച്ച് വരുമാനം കണ്ടെത്താനും ഒഴിഞ്ഞുകിടക്കുന്ന കെട്ടിടങ്ങൾ വാടക/പാട്ടം മുഖേന വ്യാവസായികാവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്താനും തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ഇത്തരത്തിൽ മില്ലിന്റെ ഉടമസ്ഥതയിൽ വാഴാനി ഡാമിനോട് ചേർന്ന് നിലവിലുള്ള 10 ഏക്കർ ഭൂമിയിൽ അനുബന്ധ വ്യവസായങ്ങൾ ആരംഭിക്കാനുള്ള നടപടികൾ പരിഗണിക്കാവുന്നതാണ്.

തൃശ്ശൂർ സഹകരണ സ്പിന്നിങ് മില്ലിന് ലഭ്യമായ/അനുമതി നൽകിയിട്ടുള്ള സാമ്പത്തിക സഹായം കണക്കിലെടുത്ത് മില്ലിൽ നിലനിൽക്കുന്ന കുടിശ്ശികകൾ/പ്രതിസന്ധികൾ പരമാവധി തീർപ്പാക്കി/കൈകാര്യംചെയ്ത് മിൽ തുറന്നു പ്രവർത്തിപ്പിക്കുന്നതിനെ സംബന്ധിച്ച് പരിശോധിച്ച് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കാൻ സർക്കാർ നിർദേശം നൽകിയിട്ടുണ്ട്.

തൃശ്ശൂർ സഹകരണ സ്പിന്നിങ് മിൽ തുറന്നു പ്രവർത്തിപ്പിക്കാൻ സാധ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചുവരികയാണ്. മില്ലിൽ പുതിയ HT പവർ ലഭ്യമാക്കി മെഷീനുകൾ ഓരോന്നായി പ്രവർത്തിപ്പിക്കുകയും അസംസ്കൃത വസ്തുക്കൾ കോട്ടൺ ബോർഡ് വഴി ലഭ്യമാക്കി മില്ലിനെ ചുരുങ്ങിയ കാലയളവിൽ പ്രവർത്തന മികവിൽ എത്തിക്കാമെന്ന് പ്രതീക്ഷിക്കുന്നു.

**കൊച്ചി നഗരസഭയുടെ പടിഞ്ഞാറൻ മേഖലയിൽ കൃഷിഭവൻ സംബന്ധിച്ച് ശ്രീ. കെ. ജെ. മാക്സി എം.എൽ.എ.-യുടെ സബ്മിഷന് കൃഷി വകുപ്പുമന്ത്രി നൽകിയ മറുപടി**

എറണാകുളം ജില്ലയിലെ കൊച്ചി കോർപ്പറേഷൻ കൃഷിഭവൻ വൈറ്റിലയിലാണ് പ്രവർത്തിക്കുന്നത്. 74 വാർഡുകളും 13 വില്ലേജുകളുമുള്ള കൊച്ചി കോർപ്പറേഷനിൽ ഒരു കൃഷിഭവൻകൂടി അനുവദിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

കൊച്ചി കോർപ്പറേഷൻ പരിധിയിൽ കൃഷി വ്യാപകമല്ലാതിരുന്ന കാലഘട്ടത്തിലാണ് വൈറ്റില കൃഷിഭവൻ സ്ഥാപിക്കപ്പെട്ടത്. എന്നാൽ കാലാന്തരത്തിൽ കോർപ്പറേഷന്റെ വിസ്തൃതി വർധിക്കുകയും കാർഷിക

മേഖലയിലെ സർക്കാരിന്റെ വിവിധ പദ്ധതികളായ 'ഞങ്ങളും കൃഷിയിലേക്ക്', 'സമഗ്ര പച്ചക്കറി ഉൽപാദന യജ്ഞം', 'പോഷക സമൃദ്ധി മിഷൻ', 'ജൈവ കാർഷിക മിഷൻ' തുടങ്ങിയവയിൽ ആകൃഷ്ടരായി കൂടുതൽ കർഷകർ മട്ടുപ്പാവ് കൃഷി, അക്വാപോണിക്സ്, ഹൈഡ്രോപോണിക്സ്, വെർട്ടിക്കൽ ഫാമിങ് തുടങ്ങിയ ആധുനിക കൃഷിരീതികൾ ആരംഭിച്ചു. നിരവധി കർഷക കൂട്ടായ്മകൾ ഇന്ന് പ്രാഥമിക, ദ്വിതീയ കാർഷിക മേഖലയിൽ പ്രവർത്തിച്ചുവരുന്നു.

ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ വൈറ്റില കൃഷിഭവനിൽ ഒരു കൃഷി ഫീൽഡ് ഓഫീസറും ഒരു കൃഷി അസിസ്റ്റന്റുമാണ് ഉണ്ടായിരുന്നത്. നഗരകൃഷിയും നഗരങ്ങൾ കേന്ദ്രീകരിച്ചുള്ള സ്മാർട്ട് കൃഷിയും വർധിച്ചിട്ടുള്ള സാഹചര്യത്തിൽ കർഷകർക്കാവശ്യമായ സാങ്കേതിക പരിജ്ഞാനം ലഭ്യമാക്കുന്നതിന് കൂടുതൽ സൗകര്യം ഒരുക്കേണ്ടതുണ്ടെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 20-06-2023-ലെ സർക്കാർ ഉത്തരവ് (അച്ചടി)നം.6/2023/AGRI. പ്രകാരം രണ്ട് കൃഷി അസിസ്റ്റന്റ് തസ്തികകൂടി വൈറ്റില കൃഷിഭവനിലേക്ക് പുനർവിന്യസിച്ച് നൽകിയിട്ടുണ്ട്.

പടിഞ്ഞാറൻ മേഖലയിൽ കർഷകർക്ക് സേവനം ലഭ്യമാക്കുന്നതിന് സ്ഥിരം സംവിധാനം ഒരുക്കുന്നതിലേയ്ക്കായി കോർപ്പറേഷൻ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് അവിടെ ഒരു സബ് സെന്റർ ഉടൻ ആരംഭിക്കാൻ കഴിയും. പുതിയ കൃഷിഭവൻ ആരംഭിക്കുന്നതിന് വിവിധ ഭൗതിക സൗകര്യങ്ങൾ ആവശ്യമാണ്. ആയത് കോർപ്പറേഷനിൽനിന്ന് ലഭ്യമായാൽ ഉദ്യോഗസ്ഥരെ പുനർവിന്യസിച്ച് പടിഞ്ഞാറൻ മേഖലയിൽ ഒരു കൃഷിഭവൻകൂടി ആരംഭിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുന്നതാണ്.

ബാലരാമപുരം-വഴിമുക്ക്-കളിയിക്കാവിള റോഡ് വികസനം സംബന്ധിച്ച് ശ്രീ. കെ. ആൻസലൻ എം.എൽ.എ.-യുടെ സബ്മിഷന് പൊതുമരാമത്ത് - ടൂറിസം വകുപ്പുമന്ത്രി നൽകിയ മറുപടി

കരമന-കളിയിക്കാവിള നാലുവരി പാതയിലെ ബാലരാമപുരം-വഴിമുക്ക് റോഡ് വികസനത്തിനുള്ള വിശദ പദ്ധതിരേഖ തയ്യാറാക്കുന്നത് പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിൽ പുരോഗമിക്കുകയാണ്. ഇവിടെ സ്ഥലമേറ്റെടുപ്പിന് 98 കോടി രൂപ അനുവദിക്കുകയും അത് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ആ തുക ഉപയോഗിച്ച് 193 വസ്തുക്കൾക്ക് നഷ്ടപരിഹാരം അനുവദിച്ച് സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. ഈ വസ്തുക്കളിലെ ചമയങ്ങൾ പൊളിച്ചുമാറ്റുന്നതിനുള്ള ലേല നടപടികൾ പുരോഗമിക്കുകയാണ്.

ബാക്കി സ്ഥലമേറ്റെടുക്കലിനുള്ള തുകയും അനുവദിച്ചിട്ടുണ്ട്. ഇതിന്റെ ഹെഡ് ഓഫ് അക്കൗണ്ട് മാറിയാണ് തുക അനുവദിച്ചത്. അത് മാറ്റി നൽകുന്നതിനായി നിർദേശിച്ചിട്ടുണ്ട്. അത് കൈമാറിക്കഴിഞ്ഞാൽ ഉടൻതന്നെ തുടർനടപടികൾ സ്വീകരിക്കാനാകും.

വഴിമുക്ക്-കളിയിക്കാവിള റോഡ് 30.2 മീറ്റർ വീതിയിൽ വികസിപ്പിക്കണമെന്ന വിഷയത്തിൽ കിഫ്ബിയിൽനിന്നും അന്തിമമായ തീരുമാനം ലഭിക്കാനുണ്ട്. നേരത്തെ ജങ്ഷൻ ഭാഗങ്ങളിൽ 30.20 മീറ്റർ വീതിയിലും മറ്റുഭാഗങ്ങളിൽ 23 മീറ്റർ വീതിയിലും റോഡ് വികസിപ്പിക്കുന്നത് സംബന്ധിച്ചുള്ള സാധ്യത പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിന് നിർദേശം നൽകിയിരുന്നു. കിഫ്ബി നിർദേശിച്ച രീതിയിൽ സ്ഥലമെടുപ്പ് നടത്തുന്നതിൽ കാര്യമായ സാമ്പത്തികലാഭം ഉണ്ടാകില്ലെന്നും കൂടാതെ ബന്ധപ്പെട്ട മണ്ഡലങ്ങളിലെ ജനപ്രതിനിധികളുടെ നിർദേശമനുസരിച്ച് മുഴുവൻ ദൂരത്തിലും 30.20 മീറ്റർ വീതിതന്നെ തുടരണമെന്നും KRFB-യിൽനിന്നും കിഫ്ബിയിലേക്ക് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. കൂടാതെ ബഹുമാനപ്പെട്ട എം.എൽ.എ.-മാർ പൊതുമരാമത്ത് സെക്രട്ടറി തലത്തിൽ കൂടിയ മീറ്റിങ്ങിൽ 30.20 മീറ്റർ വീതിയിൽതന്നെ കിഫ്ബിയിൽനിന്നും

അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുമുണ്ട്. ഇക്കാര്യത്തിൽ അന്തിമ തീരുമാനം കിഫ്ബിയിൽനിന്നും ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാനാകും.

അഴീക്കോട് ചാൽ ബീച്ച് വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച് ശ്രീ. കെ. വി. സുമേഷ് എം.എൽ.എ.-യുടെ സബ്മിഷന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി നൽകിയ മറുപടി

സമീപകാലത്ത് ടൂറിസം ഭൂപടത്തിലേക്ക് ഉയർന്നുവന്ന ഒരു ഡെസ്റ്റിനേഷനാണ് അഴീക്കോട് ചാൽ ബീച്ച്. ബ്ലൂ ഫ്ലാഗ് സർട്ടിഫിക്കേഷനോടെ ചാൽ ബീച്ച് ഡെസ്റ്റിനേഷൻ അന്തർദേശീയ തലത്തിൽതന്നെ ശ്രദ്ധിക്കപ്പെട്ട ഒന്നായി മാറി. ബ്ലൂ ഫ്ലാഗ് ഉയർത്തുന്ന ചടങ്ങിന്റെ ഭാഗമായി ചാൽ ബീച്ചിലെ അടിസ്ഥാന സൗകര്യം വർധിപ്പിക്കാനും സഞ്ചാരികളെത്തുമ്പോൾ കൂടുതൽ സൗകര്യങ്ങൾ ഒരുക്കാനും വികസന പദ്ധതി നടപ്പാക്കുമെന്ന് ഉറപ്പ് നൽകിയിരുന്നു. അതിന്റെ ഭാഗമായി പദ്ധതി തയ്യാറാക്കാൻ ഉദ്യോഗസ്ഥർക്ക് നിർദേശം നൽകുകയും ചെയ്തു. ബഹുമാനപ്പെട്ട എം.എൽ.എ. കെ. വി. സുമേഷിന്റെ നേതൃത്വത്തിൽ പദ്ധതി തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്തിരുന്നു. എന്നാൽ, അത് കടൽ പുറമ്പോക്കാണെന്ന്

കണ്ടെത്തുകയും സർവെ നടത്തി FMB-ലേക്ക് രേഖാപരമായി വരവ് വരുത്തുന്നതിനും ടൂറിസം വകുപ്പിന് പ്രസ്തുത സ്ഥലത്തിന്മേൽ നിയന്ത്രിതാനുമതി അനുവദിച്ചുതരുന്നതിനും കണ്ണൂർ ജില്ലാകളക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കുന്നതിന് അത്യാവശ്യംവേണ്ട വിവരങ്ങളും അനുമതിയും ലഭ്യമായാൽ പദ്ധതി തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയും. ഇക്കാര്യത്തിൽ എം.എൽ.എ.-യെയും കളക്ടറെയും ഉൾപ്പെടുത്തി പ്രത്യേകമായി യോഗം വിളിക്കാൻ ടൂറിസം സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

നെല്ലിന്റെ സംഭരണവില യഥാസമയം ലഭ്യമാക്കാനുള്ള നടപടി സംബന്ധിച്ച് ശ്രീ. ജോബ് മൈക്കിൾ എം.എൽ.എ.-യുടെ സബ്മിഷന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി നൽകിയ മറുപടി

ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ പായിപ്പാട് കൃഷിഭവനുകീഴിൽ 4091 മെട്രിക് ടൺ നെല്ല് സംഭരിച്ചതിന്റെ വിലയായ 11.59 കോടി രൂപയിൽ 10.94 കോടി രൂപയും വിതരണം ചെയ്തുകഴിഞ്ഞു. വാഴപ്പിള്ളി കൃഷിഭവനുകീഴിൽ 4905 മെട്രിക് ടൺ നെല്ലിന്റെ വിലയായ 13.89 കോടി രൂപയിൽ 13.75 കോടി രൂപയും കുറിച്ചി കൃഷിഭവനുകീഴിൽ 1313 മെട്രിക് ടൺ നെല്ലിന്റെ വിലയായ 3.72 കോടി രൂപയിൽ 3.65 കോടി

രൂപയും ചങ്ങനാശ്ശേരി നഗരസഭാ കൃഷിഭവനുകീഴിൽ 155 മെട്രിക് ടൺ നെല്ലിന്റെ വിലയായ 44 ലക്ഷം രൂപയിൽ 41 ലക്ഷം രൂപയും വിതരണം ചെയ്തുകഴിഞ്ഞു. ഈ നാല് കൃഷിഭവനുകളിലും ചേർത്ത് 10464 മെട്രിക് ടൺ നെല്ല് സംഭരിച്ചതിന്റെ വിലയായ 29.64 കോടി രൂപയിൽ 28.75 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്. ശേഷിക്കുന്നത് 89 ലക്ഷം രൂപയാണ്.

കർഷകർക്ക് സംഭരണവില പൂർണ്ണമായി നൽകാൻ ആവശ്യമായ തുക സപ്ലൈകോ ബാങ്കുകൾക്ക് കൈമാറിയിട്ടുണ്ട്. ബാങ്കുകളുമായി ബന്ധപ്പെടുമ്പോൾ ഉണ്ടാകുന്ന പ്രയാസങ്ങളിലിടപെട്ട് ആവശ്യമായ സഹായം ചെയ്യുന്നതിന് പാഡി മാർക്കറ്റിങ് ഓഫീസർമാർക്ക് നിർദേശം നൽകിയിട്ടുണ്ട്. ബാങ്കിന്റെ മേഖലാതല അധികാരികൾക്ക് സപ്ലൈകോ ആസ്ഥാനത്തുനിന്നും ആവശ്യമായ നിർദേശങ്ങൾ നൽകിയിട്ടുണ്ട്. ഏതെങ്കിലും തലങ്ങളിൽ എന്തെങ്കിലും തരത്തിലുള്ള തടസ്സങ്ങളുണ്ടാവുകയാണെങ്കിൽ യഥാസമയം ഇടപെട്ട് പരിഹരിക്കുന്നതിന് സപ്ലൈകോയ്ക്ക് നിർദേശം നൽകിയിട്ടുണ്ട്.